# അമേരിക്കൻ മലയാള സാഹിത്യത്തിലെ നിരൂപണശാഖ

**വാസുദേവ് പുളിക്കൽ**

നിരൂപണം ആരെങ്കിലും എഴുതിയതിനെ ചുറ്റിപ്പറ്റിയുള്ളതല്ലേ, അതുകൊണ്ട് നിരുപണത്തിന് യാഥാർത്ഥത്തിൽ സർഗ്ഗഭാവനയിൽ നിന്നുരുത്തിരിഞ്ഞു വരുന്ന സാഹിത്യവുമായി ബന്ധമുണ്ടോ എന്ന് സംശയിക്കുന്നവരുണ്ട്. നിരൂപണവും സർഗ്ഗാത്മക രചനയാണ്. അതുകൊണ്ട് നിരൂപണം സാഹിത്യമാണ്. സാഹിത്യരചനകൾ സൃഷ്ടിക്കപ്പെട്ട നാൾ മുതൽ അവയെപറ്റിയുള്ള നിരൂപണങ്ങളും ഉണ്ടായിട്ടുണ്ട്. രചനയിലെ ഗുണദോഷങ്ങൾ വേർതിരിച്ച് കാണിച്ച് എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാനും രചനകളിലെ പോരായ്മകൾ മത്രം ചൂണ്ടിക്കാണിച്ച് ഖണ്ഡനം ചെയ്യാനുള്ള ഉദ്ദേശ്യത്തോടു കൂടിയും നിരൂപണണങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. രചനയെപറ്റി മനസ്സിലുദിക്കുന്ന വിചാരവികാരങ്ങളാണ് നിരൂപണം എഴുതാൻ നിരൂപകനെ പ്രേരിപ്പിക്കുന്നത്. നിരൂപകന്റെ വിചാരവികാരങ്ങൾ എഴുത്തുകാരന്റേതുമായി താദാത്മ്യം പ്രാപിച്ചെന്നും ഇല്ലെന്നും വരാം. അതിനനുസൃതമായി രൂപം കൊള്ളുന്ന നിരൂപണം എഴുത്തുകാരനെ ചിന്തിപ്പിക്കാൻ പര്യപ്തമായെന്നെരിക്കും. രണ്ടു കൊലപാതകങ്ങൾ ചെയ്തിട്ടാണ് ആശാന്റെ 'ലീല' മുന്നോട്ടു പോകുന്നത് എന്ന് കുട്ടികൃഷ്ണ മാരാർ ഖണ്ഡനവിമർശനം നടത്തിയതിനെ ഖണ്ഡിച്ചുകൊണ്ട് ലീലാകാവ്യത്തിലെ മരണം സ്വാഭാവികമെന്ന വാദഗതിയുമായി സുകുമാർ അഴിക്കോട് രംഗത്തെത്തി. പിന്നീട് കുട്ടികൃഷ്ണ മാരാർ ആ വിഷയത്തെപറ്റി നിശബ്ദനായി. ജോസഫ് മുണ്ടശ്ശേരി കോളേജു ക്ലാസ്സുകളിലിരുന്ന് ആശാൻ കവിതകൾ പഠിക്കുമ്പോൾ ആ കവിയെ ഒന്നു കാണാൻ കൊതിച്ചിരുന്നു. മാരാരും മുണ്ടശ്ശേരിയും പോലും അഴിക്കോടും കേസരിയും മറ്റും നിരൂപണത്തിന്റെ കാര്യത്തിൽ പരസ്പരം മത്സരിച്ചിരുന്നില്ലേ എന്ന് സംശയം തോന്നാം.

അമേരിക്കൻ മലയാള സാഹിത്യത്തിൽ നിരൂപണശാഖയേ ഇല്ല എന്ന് അമേരിക്കയിലെ ഒരു വിഭാഗം സാഹിത്യകാരന്മാരും വായനക്കാരും വിശ്വസിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ സംഘടിപ്പിക്കുകയും ഒരു നിരൂപണശാഖ അമേരിക്കൻ മലയാള സാഹിത്യത്തിൽ ഇല്ലെന്ന് ഉറപ്പിക്കുകയും ചെയ്തതായറിയുന്നു. അവർ അമേരിക്കയിലെ ആദ്യകാല പ്രസിദ്ധീകരണങ്ങളായ അശ്വമേധം, കൈരളി മുതലായവ വായിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഇത്തരത്തിലുള്ള ഒരു നിഗമനത്തിലെത്തുമായിരുന്നില്ല. അമേരിക്കൻ മലയാള സാഹിത്യത്തിന്റെ തുടക്കം മുതൽ ഇവിടെ നിരൂപണങ്ങൾ ഉണ്ടായിട്ടുണ്ട്. അമേരിക്കൻ മലയാള സാഹിത്യത്തിലെ നിരൂപണശാഖക്ക് തിരികൊളുത്തിയത് അമേരിക്കൻ മലയാള സാഹിത്യ രംഗത്ത് നിറഞ്ഞു നിൽക്കുന്ന, മലയാള സാഹിത്യത്തിന്റെ വിഭിന്ന ശാഖകളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള സുധീർ പണിക്കവീട്ടിലാണ്. എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാനായി ആരേയും അനുകരിക്കാതെ സ്വതസിദ്ധമായ കാവ്യാത്മകമായ ശൈലിയിലും രീതിയിലും എഴുതിത്തുടങ്ങിയ നിരൂപണം ഇപ്പോഴും തുടരുന്നു. പിന്നീട് ഡോ. നന്ദകുമാർ ചാണയിൽ, വാസുദേവ് പുളിക്കൽ, പ്രിൻസ് മർക്കോസ് മുതലായാവർ നിരൂപണരംഗത്തേക്ക് അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. അമേരിക്കൻ മലയാള സാഹിത്യ രംഗത്ത് ദിനം പ്രതി വികസിച്ചുകൊണ്ടിരിക്കുന്ന സാഹിത്യശാഖയാണ് നിരൂപണം. അമേരിക്കയിലെ എഴുത്തുകാരുടെ രചനകൾക്ക് നിരുപണം എഴുതിക്കൊണ്ട് നിരൂപണസാഹിത്യ രംഗത്തേക്ക് ഏറ്റവും കൂടതൽ സംഭാവന നൽകിയിട്ടുള്ളത് സുധീർ പണിക്കവീട്ടിലാണ്. ഉയർന്ന തത്ത്വബോധം അന്തർലീനമായിരിക്കുന്ന കവിതകളും ഒരു ശാസ്ത്രജ്ഞന്റെ ചിന്തകളും കർണ്ണാടക സംഗീതവും  ഇടകലർന്നു വരുന്ന കവിതകളും വിശകലനം ചെയ്ത് ആത്മാവു കണ്ടെത്താൻ അത്ര എളുപ്പമല്ലെങ്കിലും ആ കവിതകളുടെ ഉള്ളറകളിലേക്ക് ഇറങ്ങി ചെന്ന് ആ കവികളുടെ വിചാരവികാരങ്ങൾക്കനുസൃതമായി നിരൂപണണങ്ങൾ എഴുതാൻ സുധീർ പണിക്കവീട്ടിലിനു കഴിഞ്ഞിട്ടുണ്ട്. നിരൂപണശാഖയുടെ വികാസത്തിനായി സുധീർ പണിക്കവീട്ടിൽ വെട്ടിത്തുറന്ന പാത അതിവിശാലമാണ്. എഴുത്തുകരെ തുറന്ന മനസ്സോടെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ സവിശേഷതയാണ്. അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകളുടെ ആഴവും പരപ്പും കണ്ടെത്തി സുധീർ പണിക്കവീട്ടൽ എഴുതിയ 'പയേറയിലെ പനിനീർപ്പൂക്കൾ', 'അമേരിക്കൻ മലയാള സാഹിത്യ നിരൂപണങ്ങൾ' എന്നീ രണ്ട് നിരൂപണ ഗ്രന്ഥങ്ങളാണ് അമേരിക്കൻ മലയാള സാഹിത്യത്തിൽ നിരൂപണശാഖ ശക്തമായി വളർന്നു വന്നിട്ടുണ്ട് എന്ന് തെളിയിച്ചുകൊണ്ട് വിരാജിക്കുന്നത്. ഈ നിരൂപണഗ്രന്ഥങ്ങൾ അമേരിക്കൻ മലയാള സാഹിത്യ ചരിത്രം തന്നെയാണ്.

അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ സാഹിത്യകാരന്മാരുടെ രചനകൾ ചർച്ച ചെയ്ത് അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി സാഹിത്യ സംഘടനകൾ രൂപം കൊണ്ടു. സുധീർ പണിക്കവീട്ടിൽ തന്റെ നിരൂപണഗ്രന്ഥമായ 'അമേരിക്കൻ മലയാള സാഹിത്യത്തിലെ നിരൂപണങ്ങൾ' ആരംഭിക്കുന്നത് എഴുത്തുകാരുടെ രചനകൾ ചർച്ച ചെയ്യുകയും അവർക്ക് അവാർഡ് നൽകി ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള വിചാരവേദിയുടെ പ്രവർത്തനളെ അനുമോദിച്ചുകൊണ്ടാണ്. ചെറുതായാലും വലുതായാലും അവാർഡുകൾ എഴുത്തുകാർക്ക് ലഭിക്കുന്ന അംഗീകാരമാണെന്ന് നിരൂപകനറിയാം. വിചാരവേദി മറ്റു സാഹിത്യ സംഘടനകൾക്ക് അനുകരണീയവും മാതൃകയുമാണെന്നും അദ്ദേഹം

ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ അവകാശങ്ങൾ തട്ടിയെടുത്ത് സ്വന്തമെന്ന് സ്ഥാപിക്കാനുള്ള സമൂഹത്തിൽ കാണുന്ന പ്രവണതക്ക് കടിഞ്ഞാണിടാനായിരിക്കാം വിചാരവേദിയെ സംബന്ധിക്കുന്ന സത്യാവസ്ഥ തൻെറ നിരൂപണഗ്രന്ഥത്തിൽ അദ്ദേഹം എഴുതിച്ചേർത്തത്. ഡാളസ്സിലും ഹ്യസ്റ്റണിലും മറ്റുമുള്ള സാഹിത്യ സംഘടനകളുടെ സ്തുത്യർഹമായ പ്രവർത്തനങ്ങളും അദ്ദേഹം അനുസ്മരിക്കുന്നു. 'അമേരിക്കൻ മലയാള സാഹിത്യ നിരൂപണങ്ങൾ' എന്ന നിരൂപണ ഗ്രന്ഥത്തിൻെറ തുടക്കത്തിൽ അമേരിക്കൻ മലയാള സാഹിത്യ രംഗത്തെ കവികൾ, നോവലിസ്റ്റുകൾ, ചെറുകഥാകൃത്തുക്കൾ, ലേഖകന്മാർ എന്നിവരെ അവരുടെ രചനകളിലേക്ക് കടന്ന് ചെല്ലാതെ (സാംസി കൊടുമണ്ണിൻെറ പ്രവാസികളുടെ ഒന്നാം പുസ്തകം, ജോൺ മാത്യുവിൻെറ ഭൂമിക്കു മേലൊരു മുദ്ര എന്നീ നോവലുകളൊഴികെ) അവതരിപ്പിക്കുന്നു. സാംസി കൊടുമണ്ണിൻേറയും ജോൺ മാത്യുവിൻേറയും പ്രവാസജീവിതത്തിലെ വ്യാപകമായ അനുഭവങ്ങളുടെ തീവ്യതമൂലമാണ് പ്രവാസജീവിതത്തിലെ ഭിന്ന അവസ്ഥകൾ ചർച്ച ചെയ്യുന്ന, പ്രവാസസാഹിത്യമെന്ന് വിലയിരുത്താവുന്ന ഈ രണ്ടു നോവലുകൾ സമ്മാനിക്കാൻ അവർക്ക് സാധിച്ചതെന്ന് നിരൂപകൻ അഭിപ്രായപ്പെടുന്നു. അമേരിക്കൻ മലയാളി എഴുത്തുകാർ ജന്മനാടിനെ ചുറ്റിപ്പറ്റി എഴുതുന്നതല്ലാതെ, അമേരിക്കൻ ജീവിതത്തിൻെറ നേർക്കാഴ്ച അവതരിപ്പിച്ചുകൊണ്ട് എഴുതുന്നില്ല എന്ന് പരാതി പറയുന്ന നാട്ടിൽ നിന്ന് വരുന്ന എഴുത്തുകാരുടെ നാവടക്കാൻ പര്യാപ്തമായ നോവലുകളാണിവ. അമേരിക്കൻ മലയാളി എഴുത്തുകാർ എന്തെഴുതണമെന്ന് തീരുമാനിക്കേണ്ടത് അവർ തന്നെയാണ്, അല്ലാതെ നാട്ടിൽ നിന്ന് വരുന്നവരല്ല എന്ന് നിരൂപകൻ നിസങ്കോചം പ്രസ്താവിക്കുന്നുണ്ട്. തൻെറ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ സുധീർ പണിക്കവീട്ടിൽ കാണിക്കുന്ന ധീരത പുസ്തകത്തിലുടനീളം പ്രകടമാകുന്നുണ്ട്.

പിന്നീട്, ന്യൂയോർക്കിലെ ആദ്യത്തെ സാഹിത്യസംഘടനയായ സർഗ്ഗവേദിയുടെ ചരിത്രത്തിലേക്ക് വരുമ്പോൾ ദുഃഖസത്യങ്ങൾ വെളിപ്പെടുത്തേണ്ടി വന്ന നിരൂപകൻ വ്യാകുലപ്പെടുന്നു. വർഷങ്ങളോളം സാഹിത്യത്തിൻെറ മുഖ്യധാരയിൽ നിന്ന് മാറിപ്പോയ കവി ചെറിയാൻ കെ. ചെറിയാനെ ആദരിച്ച് മുഖ്യധാരയിലേക്ക് കൊണ്ടു വരാൻ സർഗ്ഗവേദി തീരുമാനിച്ചു. ചെറിയാൻ കെ. ചെറിയാന് അദ്ദേഹത്തിൻെറ അറുപതാം പിറന്നാളിന് 'സമുദ്രശില' എന്ന കാവ്യസമാഹാരം നൽകി ആദരിച്ച് മുൻ നിരയിലേക്ക് കൊണ്ടു വന്നത് സുധീർ പണിക്കവീട്ടിൽ ഓർക്കുന്നത് അഭിമാനത്തോടെയാണ്. എന്നാൽ ഈ അഭിമാനവും കവിയോടുള്ള മതിപ്പും കവി ജ്വലിപ്പിച്ച് തുപ്പിയ അഹങ്കാരഗ്നിയിൽ ദഹിച്ചു പോയതായാണ് അദ്ദേഹത്തിൻെറ തുടർന്നുള്ള കുറിപ്പുകളിൽ നിന്ന് മനസ്സിലാകുന്നത്. ഇവിടത്തെ എഴുത്തുകാരെ തല്ലിപ്പൊളികളെന്നും കാലമാടന്മാരെന്നും യാതൊരു സാഹിത്യഗുണവുമില്ലാത്ത ചീത്ത എഴുത്തുകാരെന്നും ചെറിയാൻ കെ. ചെറിയാൻ അധിക്ഷേപിച്ച വാർത്ത കേരളകൗമദിയിൽ വന്നു. ആ റിപ്പോർട്ട് അടങ്ങിയ കേരളകൗമദി ജയൻ കെ. സി. സർഗ്ഗവേദിയിൽ കൊണ്ടു വന്ന് വായിച്ചപ്പോൾ എല്ലാവരും സ്തംഭിച്ചു പോയി. ഇത്ര കൃതഘ്നനായിട്ട് ഒരു സാഹിത്യകാരന് എങ്ങനെ പെരുമാറാൻ സാധിക്കുമെന്ന് സർഗ്ഗവേദി അംഗങ്ങൾ അതിശയിച്ചു പോയി. ഏറെക്കാലം വെളിച്ചം കാണാതിരുന്ന കവി വെളിച്ചം കണ്ടപ്പോൾ, 'വെളിച്ചത്തിനെന്തൊരു വെളിച്ചം' എന്ന് ബഷീർ അത്ഭുതപ്പെട്ടതു പോലെ, തൻെറ മേൽ അപ്രതീക്ഷിതമായി വന്നു വീണ വെളിച്ചത്തിൽ ചെറിയാൻ കെ. ചെറിയാനും കണ്ണഞ്ചി നിന്നു കാണും. ആ വെളിച്ചത്തിൽ ചെറിയാൻ കെ. ചെറിയാൻെറ മനസ്സിൽ കിളിർത്തത് അഹങ്കാരമാണ്. അവിടം കൊണ്ടും തീർന്നില്ല ചേറിയാൻ കെ. ചെറിയാൻെറ സർഗ്ഗവേദിയോടും അംഗങ്ങളോടുമുള്ള വിരോധമെന്ന് നിരൂപകൻ കുറിച്ചിടുന്നു. സർഗ്ഗവേദി കീറി മുറിച്ചുകൊണ്ട് ചെറിയാൻ കെ. ചെറിയാൻ അദ്ദേഹത്തിൻെറ ആജ്ഞാനുവർത്തികളേയും കൂട്ടി പുറത്തു പോയി 'സാഹിതീഖ്യ' എന്ന സംഘടന രൂപീകരിച്ചു എന്ന് സുധീർ പണിക്കവീട്ടിൽ എഴുതിയത് വിങ്ങുന്ന ഹൃദയ വേദനയോടെയാണെന്ന് മനസ്സിലാക്കാവുന്നതാണ്. സർഗ്ഗവേദിയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളാണ് നിരൂപകൻ എന്നതുകൊണ്ട് സംഭവങ്ങൾ അക്കമിട്ട് പറയാൻ കഴിയുന്നു. സാഹിത്യത്തിൻെറ പരിപോഷണത്തിനും സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി രൂപീകരിക്കപ്പെട്ട സർഗ്ഗവേദി ഒരാളുടെ കുത്സിത പ്രവൃത്തികൊണ്ട് രണ്ടായി പിളർന്നത് നിസംഗതയോടെ നോക്കി നിൽക്കാൻ അംഗങ്ങൾക്ക് സാധിച്ചില്ല എന്നത് സ്വാഭാവികമാണ്. സാഹിത്യകാരന്മാർ തമ്മിലുണ്ടായ സർഗ്ഗവേദിയിയിലെ സംഘർഷം പലർക്കും മനസ്സിലാകുന്നത് നിരൂപകൻെറ ഈ വെളിപ്പെടുത്തലിനു ശേഷമായിരിക്കാം. നിരൂപണം സത്യത്തിൽ നിന്ന് വ്യതിചലിച്ചു പോകരുത് എന്ന നിശ്ചയ ദാർഢ്യംകൊണ്ടാണ് വേദനയോടെയാണെങ്കിലും ആത്മാർത്ഥമായി വസ്തുതകൾ വെളിപ്പെടുത്താൻ സുധീർ പണിക്കവീട്ടിൽ തയ്യാറാത് എന്നു കരുതാം. ചെറിയാൻ കെ. ചെറിയാൻ തൻെറ വാർദ്ധക്യം ഫ്ലോറിഡയിൽ ചിലവഴിക്കാൻ തീരുമാനിച്ചതോടെ സാഹിതീഖ്യയുടെ കൂമ്പു കരിഞ്ഞു. സർഗ്ഗവേദി വിട്ടു പോയവർ സർഗ്ഗവേദിയിലേക്ക് തന്നെ തിരിച്ചു വന്നു. മലയാളം പത്രം ഈ സത്യം മറച്ചു വെച്ച് കവിയെ പുകഴ്ത്തി എഴുതിയപ്പോൾ കൈരളിപ്പത്രമാണ് സർഗ്ഗവേദിയുടെ അവസ്ഥ വെളിപ്പെടുത്തിക്കൊണ്ട് വാർത്തകൾ പുറത്തുവിട്ടത്. കൈരളി പത്രധർമ്മം സത്യസന്ധതയോടെ നിർവ്വഹിച്ചതിൻെറ അനുമോദനം നിരൂപകൻെറ വാക്കുകളിൽ ലീനമാണ്. പത്രത്തിൻെറ ധാർമ്മികമായ ഉത്തരവാദിത്വം പരിപൂർണ്ണമായി മനസ്സിലാക്കിയ കൈരളിയെ പോലെ മറ്റു മാധ്യമങ്ങളും പത്രധർമ്മം പരിപാലിച്ചിരുന്നെങ്കിൽ എന്ന് അദ്ദേഹം ആഗ്രഹിക്കുന്നുണ്ടാകും.

എഴുത്തുകാരുടെ നിരയിലേക്ക് വരുമ്പോൾ ധിഷണശാലിയായ ഡോ. എ. കെ. ബാലകൃഷ്ണ പിള്ളയെയാണ് അമരത്തിരുത്തിയിരിക്കുന്നത്. മലയാള സാഹിത്യത്തിൻെറ, പ്രത്യേകിച്ച് അമേരിക്കൻ മലയാള സാഹിത്യത്തിൻെറ വികാസത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു സാഹിത്യകാരൻ എന്നു മാത്രമല്ല അദ്ദേഹം ദാർശികനും നരവംശശാസ്ത്രജ്ഞനും ഗവേഷകനും സർവ്വോപരി മനുഷ്യസ്നേഹിയുമാണ് എന്ന് സുധീർ പണിക്കവീട്ടിൽ കണ്ടെത്തിയിട്ടുണ്ട്. ഡോ. എ. കെ. ബി. പിള്ളയുടെ അപൂർവ്വ വ്യക്തിത്വം സുധീർ പണിക്കവീട്ടിലിൻെറ നിരൂപണത്തിൽ പ്രതിഫലിക്കുന്നു. ചെറുപ്പത്തിലെ തന്നെ ഭഗവത്ഗീത പഠിച്ച് ഗീതോപദേശം ജീവിതത്തിൽ പകർത്തുകയും ഗീതാതത്വം

മാനസിക പ്രശ്നമുള്ളവരുടെ മാനസികവികാസത്തിനായി ഉപയോഗിക്കുകയും ചെയ്യുന്ന എ. കെ. ബി. പിള്ള തികഞ്ഞ മനുഷ്യസ്നേഹിയായി. നിരവധി ഇംഗ്ലീഷ് ഗ്രന്ഥങ്ങൾക്ക് പുറമെ ഒൻപത് മലയാള പുസ്തകങ്ങളും അന്തർദേശീയ പ്രസ്ക്തിയുമുള്ള നിരവധി ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. കലാസൃഷ്ടിയുടെ മേന്മ ലക്ഷ്യമാക്കുന്ന ഡോ. എ. കെ. ബി. പിള്ള തൻെറ രചനകളിൽ വിഷയം മികവുറ്റതാക്കിത്തീർക്കുന്നതിൽ വിജയിക്കുന്നതായി അദ്ദേഹത്തിൻെറ രചനകൾ ഉദാഹരണമായി ചൂണ്ടിക്കാണിച്ചുകൊണ്ട് സുധീർ പണിക്കവീട്ടിൽ വ്യക്തമാക്കുന്നു. 'എ പാസ്സേജ് റ്റു അമേരിക്ക' എന്ന പ്രൊഫ. ചെറുവേലിയുടെ പുസ്തകത്തിന് നിരൂപണം എഴുതിക്കൊണ്ട് സുധീർ പണിക്കവീട്ടിൽ പ്രൊഫ. ചെറുവേലിക്കും തുല്യ പ്രാധാന്യം നൽകിയിരിക്കുന്നു. പുതിയ തലമുറക്ക് ഭാരതീയ സംസ്കാരത്തെപറ്റി അറിയാനും അവരുടെ ജീവിതം സുഗമമാക്കാനുമുള്ള മാർഗ്ഗനിർദ്ദേശം ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതായി സുധീർ പണിക്കവീട്ടിൽ ചൂണ്ടിക്കാണിക്കുന്നു. അഴുത്തുകാരൻ അനുഭവിച്ച സാമൂഹ്യ-സാംസ്കാരിക സംഘർഷങ്ങളുടെ പരിഛേദവും ഈ നിരൂപണലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പുസ്തകത്തെ പാസ്സേജ് റ്റു ലൈഫ് എന്നു കരുതിയാലും കുഴപ്പമില്ല എന്ന് സുധീർ പണിക്കവീട്ടിലിൻെറ അവതരണത്തിൽ നിന്ന് മനസ്സിലാകുന്നു. കാരണം, ജീവിതം കരുപ്പിടിപ്പിക്കാൻ ഉത്തേജനം നൽകുന്ന ഒരു ആമൂല്യ ഗ്രന്ഥമാണിത്. പതിനെട്ടാം വയസ്സിൽ കവിതയെഴുതിത്തുടങ്ങിയ എൽസി യോഹാന്നാൻ ശങ്കരത്തിലിൻെറ സാഹിത്യസപര്യ ഇന്നും തുടരുന്നതും ഇതരഭാഷയിൽ നിന്ന് തർജ്ജുമ ചെയ്യാനുള്ള അവരുടെ പ്രതിഭയും നിരൂപകൻ തിരിച്ചറിയുന്നു. ചെറുകഥകളുമായി അമേരിക്കൻ മലയാള സാഹിത്യ രംഗത്തേക്ക് കടന്നു വന്ന് അമേരിക്കൻ മലയാള സാഹിത്യ രംഗത്തേക്ക് ആദ്യമായി ഒരു ആത്മകഥ സംഭാവന ചെയ്ത സരോജ വർഗ്ഗീസിൻെറ കുടുംബസ്നേഹവും ഭർത്താവിനോടുള്ള കരുതലും നിരൂപകൻ ഉയർത്തിക്കാണിക്കുന്നു.

ഒരു കാലഘട്ടത്തിൽ തൻെറ സാഹിത്യരചനകൾ പ്രസിദ്ധീകരിക്കാൻ പ്രതിബന്ധമുണ്ടായതിൽ ദുഃഖിതനായ എഴുത്തുകാരൻ, ജോൺ വേറ്റം ആ വലയത്തിൽ നിന്ന് പുറത്തു കടന്നപ്പൊൾ അനുഭവിച്ച സ്വാതന്ത്ര്യത്തിൻെറ സന്തോഷത്തിൽ പ്രസിദ്ധീകരിച്ച ' ചാവുകടലിലെ ഗ്രന്ഥചുരുളുകൾ (വിവർത്തനം), അനുഭവ തീരങ്ങളിൾ' തുടങ്ങിയ രചനകളിലെ ശിൽപഭദ്രതയും ഭാഷാസൗകുമാര്യവും നിരൂപകൻ എടുത്തു കാണിക്കുന്നു. ഒരു എഴുത്തുകാരൻെറ ധാർമ്മിക ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നത് നിഷ്പക്ഷതയോടെ വിഷയം കൈകാര്യം ചെയ്യുമ്പോഴാണ്. മൗലികത മുറ്റി നിൽക്കുന്ന ആവിഷ്കരണത്തിലുടെ കലർപ്പില്ലാത്ത തൻെറ ആശയങ്ങൾ വെളിപ്പെടുത്തന്ന വേറ്റത്തിൻെറ 'അനുഭവങ്ങളുടെ' തീരങ്ങളിലെ' ആവിഷ്കരണരീതിയെ അദ്ദേഹം വിശേഷിപ്പിക്കുന്നത് പേർസെപ്ഷൻ എന്നാണ്. സ്വയമറിവിലൂടെ ഉണ്ടാകുന്ന ഒരു അന്തർദർശനത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കാണുന്ന നൂതനമായ ഒരു ആവിഷ്കരണ രീതിയാണിതെന്ന് സുധീർ പണിക്കവീട്ടിൽ അഭിപ്രായപ്പെടുന്നു. കവികൾ അവരുടേതായ കാവ്യഭാഷ ചിട്ടപ്പെടുത്തുന്നു. പുത്തൻകുരിശിൻെറ കവിതകൾ ലളിതത്വത്തിൻെറ ഗഹനതയുള്ള കവിതകൾ എന്നു മാത്രമല്ല, ആവിഷ്കാര സൗകുമാര്യത്തിലും മുൻപന്തിയിൽ നിൽക്കുന്നതായി നിരൂപകൻ ചൂണ്ടിക്കാണിക്കുന്നു. ദുഃഖത്തിൽ നിന്ന് ജനിക്കുന്ന കവിതകൾ അനശ്വരമാകുന്നു. കാട്ടാളൻെറ ശരമേറ്റ് ഇണപ്പക്ഷികളിലൊന്ന് പിടഞ്ഞു വീണ ദുഃഖത്തിൽ വാൽമീകി രചിച്ച മാ നിഷാധാ ഇപ്പോഴും ജനഹൃദയങ്ങളിൽ തത്തിക്കളിക്കുന്നു. കാവ്യഗുണം ഏറെയുള്ള പുത്തൻകുരിശിൻെറ ആദ്യകവിത 'നിത്യചൈതന്യം' ജന്മമെടുത്തത് വിഷാദത്തിൻെറ ഭൂമികയിലാണെന്ന് നിരൂപകൻ കണ്ടെത്തുന്നു. എന്നാൽ കവി ആ ദുഃഖത്തിൽ ആമഗ്നനായി നിഷ്ക്രിയനായിപ്പോകാതെ സത്യദർശനത്തിലേക്ക് ജനഹൃദയങ്ങളെ തിരിച്ചു വിടുന്ന ഒരു പ്രക്രിയയെ ആശ്ലേഷിച്ച് തന്നിലെ ഈശ്വരചൈതന്യത്തിൻെറ മഹത്വമറിയാൻ കവി ആഹ്വാനം ചെയ്യുന്നതായി നുരൂപകനു ബോധ്യമാകുന്നുണ്ട്.

അമേരിക്കൻ മലയാള സാഹിത്യ നിരൂപണ ശാഖക്ക് പുതിയ പാത വെട്ടിത്തുറന്നയാളാണ് സുധീർ പണിക്കവീട്ടിൽ. അദ്ദേഹത്തിൻെറ ഭാഷയിൽ പറഞ്ഞാൽ സ്വീകരിക്കാൻ മാതൃകകളോ, മുന്നേ നടന്നവരോ ഇല്ലാതിരുന്നതിനാൽ സ്വന്തമായ ഒരു വിമർശനരീതി അദ്ദേഹം കൈക്കൊണ്ടു. വിമർശകൻെറ അറിവും പരിചയവുമനുസരിച്ച് കൃതികളെ വെട്ടിക്കീറുന്ന ശൈലി അദ്ദേഹത്തിന് സ്വാകാര്യമല്ല. കൃതികളിലെ സർഗ്ഗാത്മകതയും, ആവിഷ്ക്കാരവും, ഭാഷയും, ഘടനയും, രചനാതന്ത്രങ്ങളും പരിശോധിച്ച് അതിൽ എഴുത്തുകാരൻ എത്രത്തോളം നീതി പുലർത്തിയെന്നാണ് അദ്ദേഹം ശ്രദ്ധിക്കുന്നതെന്ന് മനസ്സിലാക്കാം. ഇത് എഴുത്തുകാർക്ക് വളരെ പ്രയോജനകരമായ ഒരു രീതിയാണ്. കാരണം തങ്ങളുടെ സർഗ്ഗശക്തി ഉപയോഗിച്ചതിൽ എത്രമാത്രം വിജയിച്ചുവെന്ന് അവർ മനസ്സിലാക്കുന്നു. അതിലൂടെ അവർ അവരുടെ ന്യൂനതകൾ മനസ്സിലാക്കുന്നു. അത് നിരൂപകൻ ചൂണ്ടിക്കാട്ടേണ്ട ആവശ്യമില്ലെന്ന് സുധീർ കരുതുന്നു. ഈ ശൈലിയെ പുകഴ്ത്തൽ എന്ന് വിവരം കുറഞ്ഞവർ ധരിക്കുന്നത് നിർഭാഗ്യകരമാണ്. അദ്ദേഹത്തിൻെറ നിരൂപണം പോസിറ്റീവ്, സ്കോളർലി എന്നീ വിഭാഗത്തിൽ പെടുത്താവുന്നതാണ്. കൂടാതെ പുതിയ ഒരു വിമർശനസമീപനം എന്നും വിശേഷിപ്പിക്കാം.

നിലാവിനെ പ്രണയിക്കുന്ന കവി - വാസുദേവ് പൂളിക്കൽ, കവിതയെ ഉയർത്തെഴുന്നേൽപ്പിച്ച കവി- പീറ്റർ നീണ്ടുർ, ചൈനീസ് കവിത മലയാളത്തിലെത്തിച്ച കവി - ഡോ. പി. സി. നായർ, മാനുഷിക ഭാവങ്ങളുടെ മലർച്ചെണ്ടുമായ് നിൽക്കുന്ന കവി - അബ്ദുൾ പുന്നയോർക്കുളം, സ്നേഹത്തിൻെറ വിളക്കു കത്തിക്കുന്ന കവി - ജയൻ വർഗ്ഗീസ്, അക്ഷരങ്ങളെ ലാളിക്കുന്ന എഴുത്തുകാരൻ - ജോസ് ചെരിപുറം, സർഗ്ഗാത്മകത ചാർത്തി നിൽക്കുന്ന മുഖക്കുറികൾ സമ്മാനിച്ച മാസിക - ജനനി, മരണമില്ലാത്തവരുടെ താഴ്വരയിൽ വിഹരിക്കുന്ന നോവലിസ്റ്റ് - ജോൺ ഇളമത, നമുക്കു ചുറ്റും നിറയെ കഥകൾ കാണുന്ന കഥാകാരൻ - ബാബു പാറക്കൽ, കുടിയേറ്റക്കാരുടെ ഏറ്റവും ഇറക്കവും കാണുന്ന നോവലിസ്റ്റ് - സാംസി കൊടുമൺ, വിശ്വാസത്തിൻെറ നിറവിൽ നിൽക്കുന്ന കവി - ചെറിയാൻ ചാരുവിളയിൽ,

വിശ്വവ്യാപകമായ അപൂർവ്വാനുഭവങ്ങളുടെ ഇതിഹാസം സൃഷ്ടിച്ച എഴുത്തുകാരൻ - സ്റ്റീഫൻ നടുക്കുടിയിൽ, ആദാമിൻെറ ആദ്യഭാര്യയെ കാണിച്ചു തന്ന കഥാകാരി - ലൈല അലക്സ്, അങ്ങനെ നീണ്ടു പരന്നു കിടക്കുന്നു സുധീർ പണിക്കവീട്ടിലിൻെറ നിരൂപണ സരണി.

മഹാകാവ്യം എഴുതാതെ തന്നെ മഹാകവിപ്പട്ടം ലഭിച്ച കുമാരനാശാനെ പോലെ 'അമേരിക്കൻ മലയാള സാഹിത്യചരിത്രം എന്ന 'ശീർഷകത്തിൽ ഒരു പുസ്തകം എഴുതാതെ തന്നെ, 'പയേറയിലെ പനിനീർപ്പൂക്കൾ', 'അമേരിക്കൻ മലയാള സാഹിത്യ നിരൂപണങ്ങൾ' എന്നീ നിരൂപണ ഗ്രന്ഥങ്ങളിലൂടെ അമേരിക്കൻ മലയാള സാഹിത്യ ചരിത്രകാരൻ എന്ന പദവിക്ക് സുധീർ പണിക്കവീട്ടിൽ അർഹനായി. കാരണം അമേരിക്കയിലെ പ്രമുഖ സാഹിത്യകാരന്മാരുടെ രചനകളും, അതേക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അവലോകനവും അതോടൊപ്പം അമേരിക്കൻ മലയാള സാഹിത്യ ചരിത്രവും അദ്ദേഹം തൻെറ രണ്ട് നിരൂപണ ഗ്രന്ഥങ്ങളിലൂടെ സഹൃദയ ലോകത്തിനു മുന്നിൽ കാഴ്ചവച്ചിട്ടുണ്ടല്ലോ. അമേരിക്കൻ മലയാള സാഹിത്യത്തിൽ ഒരു നിരൂപണശഖ ഇല്ല എന്ന പ്രചാരണത്തിന് വിരാമമിടാൻ സുധീർ പണിക്കവീട്ടിലിൻെറ നിരൂപണങ്ങൾക്ക് സാധിച്ചിട്ടുണ്ട്.